(സി) കോഴിക്കോട് സി.ആർ.സി. നിലവിൽ സാമൂഹ്യനീതി വകുപ്പിന്റെ കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തിൽ പ്രവർത്തിക്കുന്നു. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്ഥലത്ത് സി.ആർ.സി. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള സർക്കാർ നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

കർഷകർക്ക് അഗ്രികാർഡ്

19 (*589) ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പേര് രജിസ്റ്റർ ചെയ്ത എത്ര കർഷകരുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ മുഴുവൻ കർഷകർക്കും അഗ്രി കാർഡ് നൽകാനുള്ള പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് നടപ്പാക്കാൻ കഴിഞ്ഞില്ല എന്ന് വ്യക്തമാക്കാമോ ;

(സി) അഗ്രി കാർഡ് ലഭിക്കുന്നതിലൂടെ കർഷകർക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) അഗ്രി കാർഡ് നല്കുന്ന പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) 17-8-2013 വരെ 18.77 ലക്ഷം കർഷകരുടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ ഓൺലൈൻ കർഷക ഡേറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 18.77 ലക്ഷം കർഷകർക്കാണ് അഗ്രികാർഡ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി കാനറാ ബാങ്കുമായും കേരള ഗ്രാമീൺ ബാങ്കുമായും സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അഗ്രികാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാനാണ് 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വിഭാവനം ചെയ്തിട്ടുള്ളത്.

- കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും
- ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (crop loan)
- 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതിന് 50 ശതമാനം പലിശ സബ്സിഡി നൽകുന്നു.

(ഡി) കർഷക രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള 18.77 ലക്ഷം അപേക്ഷകൾ കർഷക ഡേറ്റാ ബേസിൽ ഡാറ്റാ എൻട്രി പൂർത്തിയാക്കിവരുന്നു. ഇതിലെ വിവരങ്ങൾ ഉൾപ്പെടുത്തി അഗ്രികാർഡ് വിതരണം എത്രയും വേഗം പൂർത്തിയാക്കുന്നതിനായി, ബാങ്കുകളുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടന്നുവരുന്നു.

അനധികൃത അറവുശാലകൾ

20 (*590) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. വി. ശിവൻകുട്ടി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃത അറവുശാലകൾ പൊതുജനാരോഗ്യത്തിന് കടുത്ത ഭീഷണിയായി ഉയർന്നിട്ടുള്ള കാര്യം അറിയാമോ ;

(ബി) അനുമതിയുള്ളവയിൽ തന്നെ പലതും വ്യവസ്ഥകൾ പാലിച്ചല്ല പ്രവർത്തിക്കുന്നതെന്ന കാര്യം അറിയാമോ ;

(സി) രോഗങ്ങളില്ലാത്ത നല്ല മൃഗങ്ങളെ മാത്രമേ മാംസത്തിനു വേണ്ടി ഉപയോഗിക്കുന്നുള്ളൂ എന്നുറപ്പാക്കുന്നുണ്ടോ ;

(ഡി) ഇതു സംബന്ധമായ നിയമവ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിനും അനധികൃത മാംസവിൽപന തടയാനും മാലിന്യ സംസ്കരണത്തിന് മതിയായ സംവിധാനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly